# KERALA ELECTRICITY EMPLOYEES' CONFEDERATION INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | SHAMEEM NATIAMANGALAM |
| | 9447083300 | 9447303578 | 9495018535 |


No. KEEC/GL/2025/78

തിരുവനന്തപുരം
25.09.2025

സ്വീകർത്താവ്
ബഹു. ചീഫ് എഞ്ചിനീയർ (HRM)
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം : -** **വിടുതൽ ചെയ്യുന്നതിൽ നിന്ന് ഗ്രീവൻസ് നൽകിയവരെ ഒഴിവാക്കുന്നത് സംബന്ധിച്ച്**

**സൂചന :-** **എല്ലാ ARU മേധാവികൾക്കുമുള്ള താങ്കളുടെ കുറിപ്പ് നമ്പർ : EB7/GT-2025/Relieving/2025 തീയതി 24.9.2025**

2025 ലെ പൊതു സ്ഥലംമാറ്റത്തിൽ ഉൾപ്പെട്ട എല്ലാ മധ്യതല ഓഫീസർ വിഭാഗത്തിലും എല്ലാ തൊഴിലാളി വിഭാഗത്തിലുംപ്പെട്ട ജീവനക്കാരെ 27.9.2025 നു വൈകുന്നേരം 5 മണിക്ക് മുമ്പായി കർശനമായി വിടുതൽ ചെയ്യണമെന്ന് സൂചന ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന. മുൻ വർഷങ്ങളിൽ ഇത്തരം കുറിപ്പുകൾ പുറപ്പെടുവിക്കുമ്പോൾ പൊതു സ്ഥലംമാറ്റത്തിനെതിരെ പരാതി നൽകിയവരെ ഒഴിവാക്കാൻ നിർദ്ദേശിക്കാറുള്ളതാണ്. സ്ഥലംമാറ്റപ്പെട്ട ജീവനക്കാരെ ഉടൻ വിടുതൽ ചെയ്യണമെന്ന് ആവശ്യപ്പെട്ട് സംഘടന മുമ്പ് നൽകിയ കത്തിലും സ്ഥലം മാറ്റത്തിനെതിരെ പരാതി നൽകിയ ജീവനക്കാരെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ സൂചന കുറിപ്പിൽ ഈ നിർദ്ദേശം ഉൾപ്പെടുത്തിയതായി കാണുന്നില്ല.

പൊതുസ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ ന്യായമായ പരാതികൾ നൽകിയ നിരവധി ജീവനക്കാരുണ്ട്. പരാതി പരിഹരിച്ചുകൊണ്ടുള്ള ഉത്തരവുകൾ ഭൂരിഭാഗം തസ്തികകളുടെയും ഇതുവരെയും പുറപ്പെടുവിച്ചിട്ടില്ല. പുറപ്പെടുവിക്കപ്പെട്ട ചുരുക്കം ചില ഉത്തരവുകളിൽ ന്യായമായ പല പരാതികളും പരിഹരിച്ചതായി കാണുന്നതുമില്ല. ആയതിനാൽ പരാതി പരിഹരിച്ചുകൊണ്ടുള്ള ഉത്തരവുകൾ

ഇന്നോ/നാളെയോ തന്നെ പ്രസിദ്ധീകരിക്കുകയോ അല്ലാത്തപക്ഷം സ്ഥലംമാറ്റത്തിനെതിരെ പരാതി നൽകിയ ജീവനക്കാരെ വിടുതൽ ചെയ്യുന്നതിൽ നിന്നും ഒഴിവാക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | ഷമീം നാട്യമംഗലം<br>ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES' CONFEDERATION
Reg: No. 01-14/87
AFFI. No. 10485
★ INTUC ★